(ബി) ശ്രീ. രാമുവിന്റെ ജീവിതത്തെ ആസ്പദമാക്കി ഒരു ഡോക്യുമെന്ററി ചിത്രം നിർമ്മിക്കാമോ?

ഉത്തരം

(എ) പരിഗണനയിലില്ല.

(ബി) അങ്ങനെയൊരു നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

കൊണ്ടോട്ടി സബ് ട്രഷറി

876 [1350] ശ്രീ. പി. സീതി ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടിയിൽ ഒരു സബ് ട്രഷറി തുറക്കണമെന്ന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നാണ് ഗവൺമെന്റ് തീരുമാനം എടുത്തത്;

(സി) കൊണ്ടോട്ടിയിൽ ട്രഷറി തുറക്കുവാൻ തീരുമാനമെടുത്ത ശേഷം എത്ര പുതിയ ട്രഷറികൾ സംസ്ഥാനത്ത് തുറന്ന് പ്രവർത്തനം ആരംഭിച്ചു;

(ഡി) കൊണ്ടോട്ടിയിൽ ട്രഷറി തുറക്കുവാനുള്ള കാലതാമസത്തിന് കാരണമെന്ത്?

ഉത്തരം

(എ) ഉണ്ട്.

(ബി) 31.10.1972 ൽ ആണ് ഒരു സബ് ട്രഷറി തുറക്കണമെന്ന് തത്ത്വത്തിൽ അംഗീകാരം കൊടുത്തുകൊണ്ടുള്ള തീരുമാനമെടുത്തത്.

(സി) മുപ്പത്തിയഞ്ച് (35) സബ് ട്രഷറികൾ തുറന്നു പ്രവർത്തനമാരംഭിച്ചു. ഇതിൽ തുമ്പയിൽ ആരംഭിച്ച സബ് ട്രഷറി പിന്നീട് നിർത്തലാക്കി.

(ഡി) പല തവണയും ട്രഷറി തുറക്കുന്നതിന് കെട്ടിടം തരാമെന്ന് സമ്മതിച്ച ആളുകളും സ്ഥാപനങ്ങളും ഒടുവിൽ അതിൽ നിന്നും പിൻമാറിയതുകൊണ്ടാണ് ഈ കാലതാമസം ഉണ്ടായത്.

തിരുവനന്തപുരം മെഡിക്കൽ കോളേജ് എസ്. ബി. റ്റി. യോട് അനുബന്ധിച്ച് ഒരു സബ് ട്രഷറി

877 [1351] ശ്രീ. പി. സീതി ഹാജി: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം മെഡിക്കൽ കോളേജ് എസ്. ബി. റ്റി. യോട് അനുബന്ധിച്ച് ഒരു സബ് ട്രഷറി തുറക്കുന്നതിന് ഗവൺമെന്റ് ഒരു സ്ട്രോംഗ് റൂം ഉണ്ടാക്കിയിട്ടും അവിടെ സബ് ട്രഷറി തുറക്കാതിരിക്കാനുള്ള കാരണം വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly